KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**Press Release**

## Mission 1000: Panel selects 61 more MSMEs for scale-up supports

- ***Total goes up to 149 with 2nd meeting of approval panel clearing 61 units***

**Thiruvananthapuram,March 06:** The number of MSMEs to be enrolled under the state government's Mission 1000 initiative aimed at scaling up 1000 Micro, Small and Medium Enterprises (MSMEs) has gone up to 149 with the State-Level Approval Committee (SLAC) clearing 61 more enterprises for providing various supports.

The Mission 1000 initiative aims at scaling up the total turnover of 1000 MSMEs in the state into Rs. 100,000 crores in a span of four years. As part of the initiative, 88 units were enrolled in the scheme by the first state-level approval committee (SLAC) held in December 2023.

The second SLAC Meeting for Mission 1000, held on February 29, 2024, was chaired by the Principal Secretary, Industries, Shri. Suman Billa IAS. The committee included Shri. S. Harikishore IAS, Director Industries & Commerce (Convenor), Shri. Santosh Koshy, MD, KINFRA (Member) and Shri. S Premkumar, Convenor, State Level Bankers Committee (Member).

The units which had submitted their applications through the online portal https://mission1000.industry.kerala.gov.in/ between 1st November 2023 and 23rd February 2024 were taken up for verification and scoring by the Directorate of Industries and Commerce (DI&C).

Total of 103 applications came up before the SLAC for consideration and approval, out of which 61 applications were approved to be enrolled under the scheme.

The applicants who had scored 60 or above marks in the evaluation were selected by the Committee, as decided in the first SLAC held in December 2023.

Among the 61 units selected, 20 units are from the Micro enterprise category, 30 from the Small category and 11 units in the Medium category.

The selected enterprises will get supports including financial aid of up to Rs one lakh to prepare Detailed Project Report (DPR) for scaling up the venture, fixed capital assistance up to 40 percent (limited to Rs 200 lakh) for the cost of expansion/scaling up and reimbursement of 50 percent of interest paid for working capital loan (limited to Rs50 lakh).

Besides, each selected enterprise will get one–to-one handholding by an officer from the DIC in their various scaling-up related activities.

**Ends**

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **06.03.2024**

# മിഷൻ 1000 പദ്ധതിയിലേയ്ക്ക് കൂടുതൽ സംരംഭങ്ങൾ

## 61 എംഎസ്എംഇകൾ കൂടി പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു

**തിരുവനന്തപുരം:** വ്യവസായ വകുപ്പ് നടപ്പാക്കുന്ന മിഷൻ 1000 പദ്ധതിയിലേയ്ക്ക് ഇതുവരെ തെരഞ്ഞെടുക്കപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ (എംഎസ്എംഇ) എണ്ണം 149 ആയി. നാല് വർഷത്തിനകം 1000 എംഎസ്എംഇകളുടെ ആകെ വിറ്റുവരവ് ഒരു ലക്ഷം കോടിയായി ഉയർത്താൻ ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി.

കഴിഞ്ഞ ഡിസംബറിൽ നടന്ന സംസ്ഥാനതല അംഗീകാര സമിതിയുടെ പ്രഥമ യോഗത്തിൽ 88 എംഎസ്എംഇകൾക്ക് അംഗീകാരം ലഭിച്ചിരുന്നു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ലയുടെ അദ്ധ്യക്ഷതയിൽ ഫെബ്രുവരിയിൽ നടന്ന രണ്ടാം യോഗത്തിൽ 61 എംഎസ്എംഇകളെ കൂടി ഈ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്തു.

103 അപേക്ഷകളാണ് സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചത്. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ കൺവീനറും കിൻഫ്ര എംഡി സന്തോഷ് കോശി, ബാങ്കേഴ്സ് കമ്മിറ്റി സംസ്ഥാനതല കൺവീനർ എസ്. പ്രേംകുമാർ എന്നിവർ സമിതി അംഗങ്ങളുമാണ്.

2023 നവംബർ 1 മുതൽ 2024 ഫെബ്രുവരി 23 വരെ മിഷൻ 1000 ഓൺലൈൻ പോർട്ടലിൽ (https://mission1000.industry.kerala.gov.in/) ലഭിച്ച അപേക്ഷകളിൽ വ്യവസായ വകുപ്പ് ഡയറക്ടറേറ്റ് വിശദ പരിശോധനകൾ നടത്തി. 75 അപേക്ഷകൾ കൂടുതൽ വ്യക്തത വരുത്തുന്നതിനായി അപേക്ഷകർക്ക് തിരിച്ച് നൽകി. ബാക്കിയുള്ള 103 അപേക്ഷകൾ സംസ്ഥാനതല അംഗീകാര സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചു. അതിൽ 60 മാർക്കിന് മുകളിൽ ലഭിച്ച 61 അപേക്ഷകൾ മിഷൻ 1000 പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

ഇതിൽ 20 സംരംഭങ്ങൾ സൂക്ഷ്മ വിഭാഗത്തിൽ നിന്നും 30 എണ്ണം ചെറുകിട വിഭാഗത്തിലും 11 എണ്ണം ഇടത്തരം വിഭാഗത്തിൽ നിന്നുമാണ്. തെരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങൾ സംസ്ഥാന സർക്കാർ എംപാനൽ ചെയ്ത ഏതെങ്കിലും കൺസൾട്ടന്റിന്റെ സഹായത്തോടെ സ്കെയിൽ അപ്പ് ഡി പി ആർ തയ്യാറാക്കണം. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത്.

മിഷൻ 1000 ന്റെ ഭാഗമായി വിപുലീകരിക്കുന്ന എംഎസ്എംഇകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തവയും 2023 മാർച്ച് 31 നകം കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനം പൂർത്തീകരിച്ചവയും ആയിരിക്കണം. മാത്രമല്ല ഉത്പാദന സേവന മേഖലകളിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവയും ആയിരിക്കണം. തെരഞ്ഞെടുക്കപ്പെട്ട എംഎസ്എംഇ യൂണിറ്റുകൾക്ക് മൂലധന നിക്ഷേപ സബ്സിഡി 40 ശതമാനം വരെ (പരമാവധി 2 കോടി രൂപ) നൽകും. പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50 ശതമാനം വ

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

രെ പലിശ ഇളവ് (50 ലക്ഷം രൂപ വരെ) ഉണ്ടായിരിക്കും. യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള ഡിപിആർ തയ്യാറാക്കുന്നതിനായി ഒരു സംരംഭത്തിന് ഒരു ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകും. യൂണിറ്റുകളെ സഹായിക്കുന്നതിനായി വ്യവസായ വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനെയും നിയമിക്കും.